## ചോ:

# "സഭക്കു ഒരു മാതൃകയുണ്ടോ?"

## ഉത്തരം:

പുതിയനിയമലേഖനങ്ങൾ "മൊത്തത്തിൽ പ്രണയലേഖനങ്ങളാണെന്നും, പ്രണയലേഖനങ്ങൾക്കു പ്രത്യേകനിയമം ഇല്ലെന്നും" ഉറപ്പിച്ചു പറയുന്നതിലൂടെ, പഠിച്ച ചില ഉപദേഷ്ടാക്കന്മാർ, യുവാക്കളെയും പ്രായമായവരെയും വഴി തെറ്റിച്ചിട്ടുണ്ട്. വാസ്തവത്തിൽ, പുതിയനിയമത്തിൽ മുഴുവനും സ്നേഹം വ്യാപിച്ചിരിക്കയാണ്, പക്ഷെ അതിൽ പറഞ്ഞിരിക്കുന്ന അനുഗ്രഹങ്ങൾ ചില "നിയമങ്ങൾ" അനുസരിച്ചു ജീവിക്കുന്നവർക്കു മാത്രമുള്ളതാണ് (ഗ്രീക്ക്.: *കാനോൻ*; ഗലാത്യർ 6:16).

ചിലർ പറയുന്നതു "പ്രണയലേഖനങ്ങൾക്ക് നിയമങ്ങൾ ഇല്ല" എന്നാണ്, എന്നാൽ പുതിയനിയമപ്രണയലേഖനങ്ങൾ "ക്രിസ്തുവിന്റെ നിയമത്തെ" ആസ്പദമാക്കിയുള്ളതാണ് (ഗലാത്യർ 6:2).

ചിലർ പറയുന്നു, "നമുക്ക് ഉപദേശം വേണ്ട സ്നേഹം മതി." എങ്ങനെയായാലും, ഒരു ദൈവശ്വാസീയ എഴുത്തുകാരൻ യുവാവായ ഒരു ഉപദേഷ്ടാവിന് എഴുതിയത് നീ "ഉപദേശത്തെ" "ശ്രദ്ധിച്ചിരിക്ക," "ഉപദേശത്തെ" "കരുതുക," "അങ്ങനെ ചെയ്താൽ നീ നിന്നെയും, നിന്റെ ഉപദേശം കേൾക്കുന്നവനെയും രക്ഷിക്കും" എന്നാണ് (1 തിമൊഥെയൊസ് 4:13, 16; കെജെവി).

മാതൃകയെ ചിലർ പരിഹസിച്ചു കളയാറുണ്ട്. എങ്ങനെയായാലും, ഒരു തയ്യൽക്കാരി, പുതിയ വസ്ത്രം തയ്ക്കുന്നതിനു, സഹായകമായ ഒരു മാതൃക കണ്ടെത്തുന്നു. അക്ഷരമാല എഴുതുവാൻ പഠിക്കുന്ന, ഒരു സ്കൂൾ കുട്ടി, തന്റെ അദ്ധ്യാപിക അവനു നൽകുന്ന മാതൃക പകർത്തുന്നു. "അവന്റെ കാലടികൾ പിൻപറ്റുവാൻ" യേശു ക്രിസ്ത്യാനികൾക്ക് ഒരു "മാതൃക" വിട്ടിട്ടാണ് പോയിരിക്കുന്നത് (1 പത്രൊസ് 2:21).

### പഴയനിയമത്തിലെ ദൈവം നല്കിയ മാതൃകകൾ

"മാതൃകാ സിദ്ധാന്തം" എന്ന് ചില ആധുനിക ഉപദേഷ്ടാക്കന്മാർ പ്രഖ്യാപിക്കുന്നത് ആരംഭിച്ചത്, പഴയ ഉപദേഷ്ടാക്കന്മാരല്ല, മറിച്ചു ദൈവമാണ്. ഹാബേലിന്റെ സമയമായപ്പോൾ ദൈവം ആരാധനക്കായി ഒരു മാതൃക നല്കിയിരുന്നു. വിശ്വാസത്താൽ ഹാബേൽ യാഗം കഴിച്ചതുകൊണ്ടും (എബ്രായർ 11:4), വിശ്വാസം കേൾവിയാൽ വരുന്നതുകൊണ്ടും (റോമർ 10:17), ദൈവം പച്ചക്കറികൊണ്ടല്ല, മൃഗയാഗമാണ് പ്രത്യേകമായി ആവശ്യപ്പെട്ടിരുന്നത് എന്നു വ്യക്തം (ഉല്പത്തി 4:4).

അങ്ങനെ മൃഗത്തിനെയും രക്തത്തെയും നൽകുന്ന മാതൃക തുടങ്ങി:

ആ മാതൃക നോഹയും അബ്രഹാമും, യിസഹാക്കും, യാക്കോബും പിൻപറ്റി (ഉല്പത്തി 8:20; 12:7, 8; 26:23–25; 31:54). യിസ്രായേലുമായുള്ള മോശെയുടെ നിയമത്തിൽ രക്തയാഗം അനിവാര്യമായിരുന്നു (ലേവ്യാപുസ്തകം 16:1–34). യേശുവിനായി ഒരു മനുഷ്യ "ശരീരം" "ഒരുക്കി" യപ്പോൾ ആ വ്യവസ്ഥ മൂർദ്ധന്യാവസ്ഥയിലെത്തുകയും അങ്ങനെ "അവന്റെ സ്വന്തരക്തത്താൽ" അവൻ "ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി!" (യോഹന്നാൻ 1:29; എബ്രായർ 9:12; 10:5).

പെട്ടകം ഉണ്ടാക്കുവാനുള്ള പ്രത്യേക നിർദ്ദേശങ്ങൾ നോഹക്കു ദൈവമാണ് നൽകിയത്: ഏതു തരത്തിലുള്ള തടിയായിരിക്കണം എന്നും, അതിന്റെ അളവുകൾ, അറകൾ, ജനലുകൾ, തുടങ്ങി എല്ലാം. ദൈവം പറഞ്ഞ മാതൃകാപ്രകാരം അവൻ എല്ലാം ചെയ്തതുകൊണ്ട് നോഹ പ്രശംസിക്കപ്പെടുകയും ചെയ്തു (ഉല്പത്തി 6:14–16, 22). മോശെ, സമാഗമനകൂടാരം ഉണ്ടാക്കുന്നതിൽ, "മാതൃക" കൂടാതെ ആയിരുന്നില്ല പ്രവർത്തിച്ചത് (എബ്രായഭാഷയിൽ *ടാബ്നിത്ത്*; ഗ്രീക്കിൽ *ടൂപോസ്*) ആ മാതൃക ദൈവം പർവ്വതത്തിൽ വെച്ചു അവനു നൽകിയിരുന്നു (പുറപ്പാട് 25:9, 40; 26:30; എബ്രായർ 8:5).

അതുപോലെ, യഹോവ, "ആത്മാവിനാൽ," ദേവാലയത്തിന്റെ രൂപരേഖ ദാവീദിനു നൽകി (1 ദിനവൃത്താന്തം 28:12). ദാവീദ് പറഞ്ഞു, "ഇവയെല്ലാം ... ഈ മാതൃകയുടെ എല്ലാ പണികളും യഹോവ എനിക്കു വേണ്ടി തന്റെ കൈകൊണ്ടു എഴുതിയ, രേഖാമൂലം എന്നെ ഗ്രഹിപ്പിച്ചിരിക്കുന്നു" (1 ദിനവൃത്താന്തം 28:19).

ദൈവാലയം പണിയുവാൻ ദാവീദിനെ ദൈവം അനുവദിച്ചില്ല, എന്നാൽ അവൻ പറഞ്ഞതു അവൻ "തന്റെ എല്ലാ ബലത്തോടുകൂടെ" അതിന്നു വേണ്ടി "നല്കി" എന്നാണ് (1 ദിനവൃത്താന്തം 29:2). രൂപരേഖ തന്റെ മകനായ ശലോമോനു നല്കുന്നതിനു മുൻപു, അളവനുസരിച്ചുള്ള കല്ലുകൾ "വെട്ടുകുഴിയിൽ തയ്യാറാക്കി" (1 ദിനവൃത്താന്തം 28:11; 1 രാജാക്കന്മാർ 6:7). ശലോമോന്റെ മാതൃക അനുസരിക്കുന്നതിലുള്ള കരുതൽ വളരെ കൃത്യതയുള്ളതായിരുന്നു എന്നതുകൊണ്ടു "വെട്ടുകുഴിയിൽ വെച്ചു കുറവുതീർത്ത കല്ലുകൊണ്ടു പണിയുന്ന സമയത്ത് ചുറ്റിക മഴു മുതലായ ഇരുമ്പു സാധനങ്ങളുടെ ഒച്ച അകത്തു കേൾപ്പാനില്ലായിരുന്നു" (1 രാജാക്കന്മാർ 6:7).

## പുതിയനിയമത്തിൽ ദൈവം-നൽകിയ മാതൃക

തന്റെ ജനത്തിനു അനുകരിക്കുവാൻ ദൈവം എല്ലായ്പ്പോഴും ഒരു മാതൃക നല്കുന്നുണ്ട്. ശലോമോന്റെ ആലയത്തിന്റെ ശില്പി അവനായിരുന്നതുപോലെ, മറ്റൊരു ആലയത്തിന്റെ ശില്പിയും അവനായിരുന്നു, അതു "ശലോമോനിലും വലിയവനാൽ" കെട്ടപ്പെട്ട ഒന്നായി രുന്നു (മത്തായി 12:42). ഭൗതികമായ ഒരു ഘടന, അഥവാ ഒരു സഭാമന്ദിരം പണിയുമെന്നല്ല യേശു പ്രഖ്യാപിച്ചത് ("പരസ്യാരാധനക്കുള്ള ഒരു കെട്ടിടം"), എന്നാൽ ആളുകളെക്കൊണ്ടു പണിയുന്ന ഒരു കെട്ടിടമാണത്, അവരെക്കുറിച്ചു എഴുതിയിരിക്കുന്നത്, "നിങ്ങൾ ... ദൈവത്തിന്റെ മന്ദിരം" (1 കൊരിന്ത്യർ 3:9). അതിന്റെ ഫലമായി, യേശുവിന്റെ ആലയം മാർബിളിന്റെ "വിലയേറിയ കല്ലുകൾ" കൊണ്ടോ അല്ലെങ്കിൽ "കേദാർ തടികൊണ്ടോ" അല്ല നിർമ്മിച്ചത് (1 രാജാക്കന്മാർ 5:17; 6:10), പിന്നെയോ "ജീവനുള്ള കല്ലുകളാലാണ്" (1 പത്രൊസ് 2:5). "ഐക്യതയുടെ സമ്പൂർണ്ണ ബന്ധമായ" "സ്നേഹം" എന്നതാണ് അതി

നുപയോഗിച്ച ചാന്ത് (കൊലൊസ്യർ 3:14).

എന്തൊരു "മന്ദിരം"! എല്ലാ ക്രിസ്ത്യാനികൾക്കും ഒന്നിച്ചു ചേർന്നു പറയാം, "ഞങ്ങൾ ജീവനുള്ള ദൈവത്തിന്റെ ആലയമാണ്, അതു 'ഞാൻ അവരിൽ വസിക്കയും അവർക്കിടയിൽ നടക്കയും ചെയ്യും' എന്നു, ദൈവം പറഞ്ഞതുപോലെയാണ്'' (2 കൊരിന്ത്യർ 6:16; എഫെസ്യർ 2:20–22 നോക്കുക). "ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലൊ, നിങ്ങളും അങ്ങനെ തന്നെ" എന്നു പൗലൊസ് ക്രിസ്ത്യാനികൾക്കു എഴുതി (1 കൊരിന്ത്യർ 3:17).

വിസ്മയകരമായി, ക്രിസ്ത്യാനികൾ ഒന്നിച്ചു മാത്രമല്ല, എന്നാൽ ഒറ്റയ്ക്കും കർത്താവിന്റെ മന്ദിരമാണ്: ക്രിസ്ത്യാനിയുടെ ഓരോ ഭൗതികശരീരവും "പരിശുദ്ധാത്മാവു വസിക്കുന്ന മന്ദിരമാണ്" (1 കൊരിന്ത്യർ 6:19).

ഈ അത്ഭുത മന്ദിരത്തിനു ഒരു ബ്ലൂപ്രിന്റ് ഉണ്ടോ? ഹാബേലിന്റെ യാഗത്തിനും, നോഹയുടെ പെട്ടകത്തിനും, മോശെയുടെ സമാഗമനകൂടാരത്തിനും, ശലോമോന്റെ ആലയത്തിനും സ്വർഗ്ഗത്തിൽനിന്നു നിർദ്ദേശങ്ങൾ ലഭിച്ചതുപോലെ, ദൈവത്തിന്റെ "സഭ" എന്നു വിളിക്കുന്ന, ആത്മിയ ആലയത്തിനും സൂചനകൾ ലഭിച്ചു. ആ പ്രത്യേകതകൾ സ്വർഗത്തിൽനിന്നു ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർക്കു ലഭിക്കേണ്ടിയിരുന്നു. ക്രിസ്ത്യാനിത്വത്തിന്റെ ''ആരംഭത്തിനായി'' കാത്തിരിക്കുമ്പോൾ (ഏ.ഡി. 30, പ്രവൃത്തികൾ 2:1–47; 11:15), യേശു സഭക്കു വേണ്ട പിതാവിന്റെ മാതൃക പന്തിരുവരോടു പ്രഖ്യാപിച്ചു: "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും [ഗ്രീക്ക്.: *എസ്റ്റായി ഡെഡെമെനാ*]; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും [ഗ്രീക്ക്.: *എസ്റ്റായി ലെലുമെനാ*] അഴിഞ്ഞിരിക്കും, എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു'' (മത്തായി 18:18).

അപ്പൊസ്തലന്മാർ എന്തെങ്കിലും പറയുകയോ എഴുതുകയോ ചെയ്യുന്നതിനു മുൻപു തന്നെ, അവർ എന്തു പറയുകയും എഴുതുകയും വേണമെന്നു സ്വർഗത്തിൽനിന്നു യെരുശലേമിലുള്ള അപ്പൊസ്തലന്മാരിൽ പെന്തെകൊസ്തുനാളിൽ അയപ്പാനുള്ള പരിശുദ്ധാത്മാവിനോടു പിതാവ് പറഞ്ഞു കഴിഞ്ഞിരുന്നു (യോഹന്നാൻ 14:26; പ്രവൃത്തികൾ 1:8; 2:1–4). ആത്മാവു ''സ്വയമായി'' ഒന്നും സംസാരിക്കുന്നില്ല; എന്നാൽ അപ്പൊസ്തലന്മാരെ "സകല സത്യത്തിലും" വഴി നടത്തുവാൻ, പിതാവിൽ നിന്നു കേട്ടതു മാത്രം "സംസാരിക്കുന്നു" (യോഹന്നാൻ 16:13).

"നവോത്ഥാന'' കാലയളവിൽ "പന്ത്രണ്ടു സിംഹാസനങ്ങളിൽ'' ഇരിക്കുന്ന ''സ്ഥാനാപതികൾ'' ആയിരിക്കണം അപ്പൊസ്തലന്മാർ (മത്തായി 19:28). അവർക്കു ''സ്വർഗത്തിൽ" നിന്നു "ലോകാവസാനം വരെ" "അധികാരം" ഉണ്ടായിരിക്കും (മത്തായി 18:18; 28:20; 2 കൊരിന്ത്യർ 5:20; നോക്കുക 1 തെസലൊനിക്യർ 2:6; ഏഎസ്വി). ഏ.ഡി. 30–ൽ, പെന്തെകൊസ്തുനാൾ മുതൽ, ക്രിസ്തുവിന്റെ രണ്ടാം വരവു വരെ – "സത്യത്തിന്റെ ആത്മാവും അസത്യത്തിന്റെ ആത്മാവും" (1 യോഹന്നാൻ 4:6) തമ്മിൽ വേർതിരിച്ചറിയുവാൻ "അപ്പൊസ്തലന്മാരുടെ ഉപദേശം" നോക്കുക (പ്രവൃത്തികൾ 2:42) എന്നതാണ് – ഏക മാർഗ്ഗം. ഇന്നു ഭൂമിയിൽ അപ്പൊസ്തലന്മാരുടെ ഉപദേശം ലഭിക്കുന്നതു പുതിയനിയമത്തിലെ ഇരുപത്തി-ഏഴു പുസ്തകങ്ങളിൽനിന്നു മാത്രം. പിതാവിന്റെ ഇഷ്ടത്താലും ജ്ഞാനത്താലും, പുതിയനിയമം പൂർണ്ണവും, മാറ്റമില്ലാത്തതും, അന്തിമവുമാണ്

(2 തിമൊഥെയൊസ് 3:17; 2 പത്രൊസ് 1:3; ഗലാത്യർ 1:8, 9; യൂദാ 3).

**ദൈവത്താൽ-നൽകപ്പെട്ട മാതൃക ത്യജിക്കപ്പെട്ടു**

ഒന്നാം നൂറ്റാണ്ടിലെ സഭ പുനരേകീകരിക്കുവാൻ നമുക്കു പുതിയനിയമത്തിലേക്കു പോകാമെന്നു പറയുന്ന ആശയത്തെ ചിലർ പുച്ഛിക്കാറുണ്ട്. അവർ പറയുന്നത്, "ഏതു സഭയാണ് നിങ്ങൾ പുനരേകീകരിക്കുവാൻ പോകുന്നത്? സുവിശേഷപരമായ, എരിവില്ലാത്ത യെരുശലേം സഭയെയോ? അല്ലെങ്കിൽ ആരാധനാസമയത്തുള്ള ശുശ്രൂഷകളിൽ, ലഹരിയോടും തുറന്ന പരസംഗത്തോടും ആയിരിക്കുന്ന കൊരിന്ത്യാസഭയെയോ?"

ഒന്നാം-നൂറ്റാണ്ടിലെ ഓരോ സഭയോടും താൻ എന്ത് അംഗീകരിക്കുമെന്നും എന്ത് അംഗീകരിക്കുകയില്ല എന്നും ദൈവം പുതിയനിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നല്ല മാതൃകയെ കുറിച്ചും മോശമായ മാതൃകയെ കുറിച്ചും അതു നമ്മോടു പറയുന്നു, അതു എഴുതിയിരിക്കുന്നത് സാധാരണക്കാർക്ക് "തിന്മയിൽ നിന്നു നന്മയെ" തിരിച്ചറിയത്തക്കവണ്ണം, വ്യക്തമായിട്ടാണ് (എബ്രായർ 5:14).

മനുഷ്യർക്കു മാതൃക-സൂക്ഷിപ്പുകാരെ ദൈവം ആരംഭം മുതൽ പദ്ധതി ഒരുക്കിയെങ്കിലും, ആരംഭം മുതൽ കയ്യീൻ തുടങ്ങി, മാതൃക-തള്ളിക്കളയുന്നവരെയും കാണാം (ഉല്പത്തി 4:5-7). മനുഷ്യന്റെ അഹങ്കാരം, അവനെ വീണ്ടും വീണ്ടും, സ്വർഗീയ നിർദ്ദേശങ്ങളെ അപമാനിക്കുവാനും, "അവന്റെ കണ്ണിനു ശരി എന്നു തോന്നുന്നതു" ചെയ്യുവാനും ഇടയാക്കി (ന്യായാധിപന്മാർ 21:25). "മനുഷ്യന്നു തന്റെ വഴിയും," നടക്കുന്നവന്നു തന്റെ കാലടികളെയും നേരെയാക്കുന്നതിനു സ്വാധീനമില്ല എന്നു യിരെമ്യാവു പ്രസംഗിച്ചു (യിരെമ്യാവു 10:23). "എല്ലാറ്റിന്റെയും അളവു മനുഷ്യൻ തന്നെ"[1] എന്നു, മാനുഷിക അഹന്ത വാദിക്കുന്നു.

അപ്പൊസ്തലന്മാരുടെ മുന്നറിയിപ്പായ "നിങ്ങളെത്തന്നെ ബുദ്ധിമാന്മാർ എന്നു വിചാരിക്കരുത്" (റോമർ 12:16) എന്നതു ആളുകൾ കണക്കാക്കുന്നില്ല. മനുഷ്യന്റെ സ്വന്തം അറിവാണ് മനുഷ്യശാസ്ത്രജ്ഞനെ ഇങ്ങനെ എഴുതുവാൻ ഇടയാക്കിയത്, "ദൈവം ഉണ്ടെന്നുള്ള വിശ്വാസത്തിന്റെ കാലം കഴിഞ്ഞു"[2]; "ഒരു ദൈവവും നമ്മെ രക്ഷിക്കുകയില്ല; നാം തന്നെ നമ്മെ രക്ഷിക്കണം."[3]

ചിലർ, ദൈവം ഉണ്ട് എന്നു വിശ്വസിക്കുമ്പോഴും, ക്രിസ്തുവിനെ തള്ളിക്കളയുന്നു. "രക്ഷ യേശുക്രിസ്തു മൂലം മാത്രമെ സാധിക്കയുള്ളൂ" എന്ന പ്രസ്താവന "സ്വയ-നീതീകരിക്കൽ" ആണെന്നു അവർ ഉറപ്പിച്ചു പറയുന്നു.

ദൈവം ഉണ്ടെന്നും രക്ഷ ക്രിസ്തുമുഖാന്തരം മാത്രമേ ഉള്ളൂ എന്നും വിശ്വസിക്കുന്നതായി വാദിക്കുമ്പോഴും, മറ്റുള്ളവർ, സുവിശേഷം അനുസരിക്കേണ്ട മാതൃകയെ തള്ളിക്കളയുകയാണ് (2 തെസലൊനിക്യർ 1:7-9).[4] ആരോപിതനായ ഒരു സുവിശേഷപ്രാസംഗികൻ എഴുതിയത്, "എനിക്കു ബോധ്യമാണ് സ്നാനം ഏല്ക്കാത്ത സത്യസന്ധനായ ഒരാൾ" "നിത്യമായി രക്ഷിക്കപ്പെടും."

ഇനിയും വേറെ ചിലർ, എല്ലാ മാതൃകയെയും തള്ളിക്കൊണ്ട്, ആരും നഷ്ടപ്പെടുകയില്ല എന്നതിൽ ഉറച്ചുനിൽക്കും. സ്നേഹവാനും നല്ലവനുമായ ദൈവം ആരെയും നരകത്തിൽ തള്ളിക്കളയുകയില്ല എന്ന ധാരണയിൽ അവർ അവരുടെ ആത്മാക്കളെ ഉറപ്പിച്ചുനിർത്തുന്നു.

“അയ്യോ, മനുഷ്യാ, ദൈവത്തോടു പ്രത്യുത്തരം പറയുന്ന നീ ആർ?” (റോമർ 9:20; എൻആർഎസ്‌വി).

**ഉപസംഹാരം**

ദൈവം ഇന്നു നമുക്ക് ഒരു മാതൃക നല്കിയിട്ടുണ്ട്. അദ്ധ്യാപകന്റെ മാർഗ രേഖയെ അവഗണിച്ചു അശ്രദ്ധയോടെ കുത്തിക്കുറിക്കുന്ന ഒരു കുട്ടിയെ പോലെ ആകരുത് നാം. മറിച്ച്, നമുക്ക് ദൈവം ആഗ്രഹിക്കുന്ന തരത്തിലുള്ള മാതൃക-സൂക്ഷിക്കുന്നവരാകാം. ആരും നശിച്ചു പോകാതെ, എല്ലാവരും മാനസാന്തരപ്പെട്ടു രക്ഷ പ്രാപിക്കണമെന്നാണ് അവൻ ആഗ്രഹിക്കുന്നത് (2 പത്രൊസ് 3:9).

---

കുറിപ്പുകൾ

[1]ആ പ്രസ്താവന പ്രോട്ടഗോറസിനുള്ളതാണ്, അയാൾ ബി.സി. അഞ്ചാം-നൂറ്റാണ്ടിലുള്ള ഒരു ഗ്രീക്ക് തത്വജ്ഞാനി ആയിരുന്നു. [2]“ഹൂമാനിസ്റ്റ് മാനിഫെസ്റ്റോ I,” *ദ ന്യൂ ഹൂമാനിസ്റ്റ്* (മെയ്/ജൂൺ 1933); റീപ്രിന്റഡ് ഇൻ പോൾ കർട്സ്, എഡി., *ഹൂമാനിസ്റ്റ് മാനിഫെസ്റ്റോസ് I ആന്റ് II* (ബഫലോ, എൻ.വൈ.: പ്രോമിതിയസ് ബുക്സ്, 1973), 8. [3]“ഹൂമാനിസ്റ്റ് മാനിഫെസ്റ്റോ II,” *ദ ഹൂമാനിസ്റ്റ്* (സെപ്തംബർ/ഒക്ടോബർ 1933); റീപ്രിന്റഡ് ഇൻ പോൾ കർട്സ്, എഡി., *ഹൂമാനിസ്റ്റ് മാനിഫെസ്റ്റോസ് I ആന്റ് II* (ബഫലോ, എൻ. വൈ.: പ്രോമിതിയസ് ബുക്സ്, 1973), 16. [4]റോമർ 6:3, 4-ലെ “ആ ഉപദേശരൂപം [ഉപദേശം]” എന്നതിനെ കുറിച്ചുള്ള വിശദീകരണത്തോടൊപ്പം, റോമർ 6:17 വായിക്കുക.